JAGRATHA 89

Vol-3, N0: 15
18-03- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

Commission Chairman
Rt. Rev. Dr. Stanley Roman
Commission Secretary
Fr. Johny Kochuparambil MST

Vice-Chairmen
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. ക്രൈസ്തവ വിരുദ്ധ നിലപാടുകളിൽ നിന്ന് വിദ്യാഭ്യാസവകുപ്പ് പിന്തിരിയണം: കാതോലിക്ക ബാവ

02. കത്തോലിക്കർ സ്ഥാനാർഥികളാവുന്നത് സന്തോഷകരം: കർദിനാൾ വിതയത്തിൽ

03. ചില പ്രത്യയശാസ്ത്രങ്ങൾക്കു മാറ്റമുണ്ടായി എന്നു നമ്മൾ തെറ്റിദ്ധരിച്ചു: ആർച്ച് ബിഷപ്പ് സൂസാപാക്യം

04. ക്രൈസ്തവ സമൂഹത്തെ വ്രണപ്പെടുത്തരുത് : മാർ പുന്നക്കോട്ടിൽ

05. വിവാദ സി.ഡി : വിഷലിപ്തമായ മനോഭാവത്തിന്റെ പ്രതിഫലനം : ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ

06. തിന്മയുടെ ശക്തികളെ തിരിച്ചറിയുക: ബിഷപ് ഡോ. ചക്കാലയ്ക്കൽ

### 01. ക്രൈസ്തവ വിരുദ്ധ നിലപാടുകളിൽ നിന്ന് വിദ്യാഭ്യാസവകുപ്പ് പിന്തിരിയണം: കാതോലിക്ക ബാവ.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് തുടരുന്ന ക്രൈസ്തവ വിരുദ്ധ നിലപാടുകളിൽനിന്ന് എത്രയും വേഗം പിൻതിരിയുകയാണ് വേണ്ടതെന്നു മലങ്കര കത്തോലിക്കാ സഭാധ്യക്ഷനും ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ഉപാധ്യക്ഷനുമായ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ. ഒരു മതവിഭാഗത്തെ മാത്രം തെരഞ്ഞു പിടിച്ച് നിരന്തരമായി വേട്ടയാടുന്നതു കാണുമ്പോൾ അതിയായ ഉത്കണ്ഠയും വേദനയും ശക്തമായ പ്രതിഷേധവും സഭാ സമൂഹത്തിനുണ്ട്. ന്യൂനപക്ഷ സ്ഥാപനങ്ങൾക്കു നേരേ അക്രമം അഴിച്ചുവിട്ടും പാഠപുസ്തകങ്ങളിൽ ധാർമിക വിരുദ്ധ പരാമർശങ്ങൾ കുത്തിനിറച്ചും സംസ്കാരത്തിനും സാമൂഹിക സഹവർത്തിത്വത്തിനും ഭീഷണി ഉയർത്തിയ വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ അശ്ലീല ചിത്രങ്ങളും മതാചാര്യന്മാരെ അവഹേളിക്കുന്ന രംഗങ്ങളും ഉൾക്കൊള്ളുന്ന സിഡികൾ പഠനസഹായിയായി വിതരണം ചെയ്തിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലമായി വിദ്യാഭ്യാസ വകുപ്പ് അവലംബിക്കുന്ന അക്ഷന്തവ്യമായ സംസ്കാര വിരുദ്ധ നിലപാടിന്റെ ആവർത്തനമായേ ഇതിനെ കാണാനാവൂ. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രതിഷേധമുയർന്നപ്പോൾ ഒരു പരിശീലകന്റെ തലയിൽ പാപഭാരം മുഴുവൻ ഇറക്കിവച്ച് കൈകഴുകി രക്ഷപ്പെടാൻ ശ്രമിക്കുകയാണ് അധികാരകേന്ദ്രങ്ങൾ. ഇത് മുഖവിലയ്ക്കെടുത്താൽത്തന്നെ എന്തു കൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം ആക്ഷേപകരമായ മൂല്യനിഷേധങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു എന്നതിന് സമാധാനം പറയേണ്ടിവരും. ഒരു അധ്യാപകനോ സംഘടനയോ വിചാരിച്ചാൽ താളം തെറ്റിക്കാൻ കഴിയും വിധം അത്ര ദുർബലമാണോ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭരണസിരാകേന്ദ്രം? ചില ഗൂഢശക്തികൾ വിദ്യാഭ്യാസമേഖലയെ വിവാദങ്ങളിലേക്കും സർവനാശത്തിലേക്കും തള്ളിവിടുമ്പോൾ തെറ്റു തിരുത്താൻ മാത്രം തയാറായിരിക്കുന്ന വിദ്യാഭ്യാസമന്ത്രി, അതാവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തുകയാണ് വേണ്ടത്. രാജ്യം പൊതുതെരഞ്ഞെടുപ്പിന്റെ വാതിൽക്കൽ നിൽക്കുന്ന സമയത്തുപോലും ജനങ്ങളിൽ വ്യാപകമായ അമർഷവും പ്രതിഷേധവും ക്ഷണിച്ചുവരുത്തുന്ന ഭരണവിഡ്ഢിത്തങ്ങൾ ആവർത്തിക്കപ്പെടുന്നു. ഇത് അവസാനത്തേത് ആയിരിക്കട്ടെ. ഇനിയും പുതിയ കുതന്ത്രങ്ങൾ തേടുന്ന ബുദ്ധിരാക്ഷസന്മാർക്ക് വിദ്യാഭ്യാസ വകുപ്പിൽ ഇടം ലഭിക്കാതിരിക്കാൻ ജനസമൂഹത്തെ ധാർമികതയുടെ നേർവഴിയിൽനിന്നു വ്യതിചലിപ്പിക്കാൻ ഇത്തരം അഭ്യാസങ്ങൾകൊണ്ടു സാധ്യമല്ല എന്ന തിരിച്ചറിവ് ഉത്തരവാദിത്തപ്പെട്ടവർക്ക് വേഗത്തിൽ ലഭിക്കട്ടെയെന്നും കാതോലിക്കാ ബാവ പറഞ്ഞു.

## 02. കത്തോലിക്കർ സ്ഥാനാർഥികളാവുന്നത് സന്തോഷകരം: കർദിനാൾ വിതയത്തിൽ (11-3-2009 )

കത്തോലിക്കർ സ്ഥാനാർഥികളാവുന്നത് സന്തോഷകരമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു. സഭയുടെ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതിന് ഇത് സഹായിക്കും - കർദിനാൾ കൂട്ടിച്ചേർത്തു. വിവിധ വിഷയങ്ങളിലുള്ള തന്റെ നിലപാടുകൾ വ്യക്തമാക്കുന്ന "സ്ട്രേറ്റ് ഫ്രം ദ ഹാർട്ട്" എന്ന പുസ്തകത്തിന്റെ പ്രകാശനത്തിന് ശേഷം കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭയെന്നാൽ വിശ്വാസികളുടെ കൂട്ടായ്മയാണ്. അതിനാൽ, വിശ്വാസികളുടെ തീരുമാനമാണ് സഭയുടെ തീരുമാനം. ഓരോരുത്തർക്കും വ്യക്തിപരമായി വോട്ടവകാശം വിനിയോഗിക്കാം. അതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നും കർദിനാൾ പറഞ്ഞു. സ്കൂൾ വിദ്യാർഥികളെ തിരക്കഥ പഠിപ്പിക്കുന്നതിനായി ബിഷപ്പുമാരെ അധിക്ഷേപിക്കുന്ന സിഡികൾ വിതരണം ചെയ്ത സർക്കാരിന്റെ നടപടി തെറ്റാണെന്നും കർദിനാൾ പറഞ്ഞു. "സ്ട്രേറ്റ് ഫ്രം ദ ഹാർട്ട്" എന്ന പുസ്തകത്തിൽ പറയുന്നതെല്ലാം വ്യക്തിപരമായ അഭിപ്രായപ്രകടനങ്ങളാണെന്നും സഭാധ്യക്ഷൻ എന്ന നിലയിലുള്ളവയല്ലെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു. അതിനാൽ തന്നെ തന്റെ അഭിപ്രായങ്ങളോടു യോജിക്കാനും വിയോജിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. പല കാര്യങ്ങളിലുമുള്ള നിലപാടുകൾ തുറന്നു പറയുന്നതിനാൽ പുതിയ പുസ്തകം വിവാദം സൃഷ്ടിച്ചേക്കാമെങ്കിലും വിമർശനങ്ങളെ താൻ ഭയപ്പെടുന്നില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തന്റെ നിലപാടുകളിൽ തെറ്റുണ്ടായെന്ന് തോന്നിയാൽ പരസ്യമായി മാപ്പു പറയാൻ തയാറാണെന്നും കർദിനാൾ ചൂണ്ടിക്കാട്ടി. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നല്ല വശങ്ങളും ചീത്ത വശങ്ങളും തുറന്നു പറയുന്നതിനാൽ പുസ്തകത്തിലെ ചില ഭാഗങ്ങൾ മാത്രം ഉയർത്തിക്കാട്ടി ദുർവ്യാഖ്യാനം നടത്തരുതെന്നും അദ്ദേഹം അഭ്യർഥിച്ചു. തന്റെ വ്യക്തിപരമായ അഭിപ്രായം സഭാധ്യക്ഷന്മാർ സ്ഥാനാർഥി നിർണയത്തിൽ ഇടപെടരുതെന്നാണെന്നും മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് ഉത്തരമായി കർദിനാൾ പറഞ്ഞു. എറണാകുളം കർദിനാൾ ഹൗസിൽ നടന്ന ചടങ്ങിൽ ആർച്ച്ബിഷപ് മാർ ജേക്കബ് തൂങ്കുഴി സെൻട്രൽ സർവകലാശാല വൈസ് ചാൻസലർ ഡോ.ജാൻസി ജയിംസിന് നൽകി പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചു.

## 03. ചില പ്രത്യയശാസ്ത്രങ്ങൾക്കു മാറ്റമുണ്ടായി എന്നു നമ്മൾ തെറ്റിദ്ധരിച്ചു: ആർച്ച് ബിഷപ്പ് ഡോ.സൂസാപാക്യം (17-03-2009)

ഇടതുപക്ഷ സർക്കാരിന്റെ ക്രൈസ്തവ പീഡനങ്ങൾക്കെതിരേ തലസ്ഥാന നഗരിയിലെ ക്രൈസ്തവർ ലൂർദ് ഫൊറോനപ്പള്ളിയിൽ ഒത്തുകൂടി സഭയോടു സർക്കാർ പുലർത്തുന്ന ശത്രുതാ മനോഭാവം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. സഭയുടെ സേവനമേഖലകളിൽ തടസങ്ങളുണ്ടാക്കിയും, സഭാമേലധ്യക്ഷന്മാരെ തേജോവധം ചെയ്തും നിരീശ്വരത്വ പ്രചാരണത്തിനും, സഭയുടെ കെട്ടുറപ്പിൽ വിള്ളലുണ്ടാക്കാനും ഒളിഞ്ഞും തെളിഞ്ഞും സർക്കാർ നടത്തുന്ന ശ്രമങ്ങളിൽ സമ്മേളനം ഉത്കണ്ഠയും പ്രതിഷേധവും പ്രകടിപ്പിച്ചു. നിരീശ്വരത്വ പ്രചാരണ യത്നങ്ങൾ, ഏകജാലകം സ്വാശ്രയ നിയമം, വനിതാക്കമ്മീഷൻ ശിപാർശകൾ, വിവാദസിഡി, നിയമപരിഷ്കരണ കമ്മീഷൻ നിർദേശങ്ങൾ തുടങ്ങി ഗൂഢതന്ത്രങ്ങളിലൂടെ സർക്കാർ നടത്തുന്ന സഭാപീഡനം അവസാനിപ്പിക്കണമെന്ന് യോഗം അഭ്യർഥിച്ചു. തലസ്ഥാന നഗരിയിലെ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ കത്തോലിക്കാ സഭകളിലെയും ഓർത്തഡോക്സ് യാക്കോബായ മാർത്തോമ്മ, സി. എസ്.ഐ സഭകളിലെയും വൈദികരും അല്മായരും അടങ്ങിയ പ്രതിനിധികളുടെ സമ്മേളനമാണ് ഈ ആവശ്യം ഉന്നയിച്ചത്. സമ്മേളനത്തിനു മുമ്പ് പ്രത്യേക പ്രാർഥന നടന്നു. പ്രാർഥനയ്ക്കു മലങ്കര മേജർ അതിരൂപതാ വികാരി ജനറാൾ മോൺ.സാമുവേൽ കാട്ടുകല്ലിൽ നേതൃത്വം നൽകി. ലൂർദ് ഫൊറോന വികാരി റവ. ഡോ.ജോൺ വി.തടത്തിൽ വിശ്വാസസംരക്ഷണ പ്രാർഥനചൊല്ലിക്കൊടുത്തു.കാലഹരണപ്പെട്ട ചില പ്രത്യയശാസ്ത്രങ്ങൾക്കു മാറ്റം ഉണ്ടായി എന്ന നമ്മുടെ ധാരണ തെറ്റിപ്പോയെന്ന് സമകാലിന സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നതായി സമ്മേളനം ഉദ്ഘാടനം ചെയ്ത ആർച്ച് ബിഷപ്പ് ഡോ. സൂസാപാക്യം വ്യക്തമാക്കി. മൂന്ന് എം.പിമാർ ലോക്സഭയിൽ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തപ്പോൾ നാമോർത്തു ഇവർക്കു മാറ്റമുണ്ടായെന്ന്. എന്നാൽ, ഉണ്ടായില്ലെന്നു മാത്രമല്ല സാധിക്കുന്ന മാർഗങ്ങളിലൂടെ എല്ലാം സഭയെ പീഡിപ്പിക്കുകയും ചെയ്യുന്നു.

മാധ്യമപ്രവർത്തകരോട് ഒരു അഭ്യർഥനയുണ്ട്. ഞാൻ പറയുന്നത് സത്യസന്ധമായി റിപ്പോർട്ട് ചെയ്യണം. കഴിഞ്ഞ ആഴ്ച മദ്യനിരോധന മേഖലയിൽ സർക്കാർ കാണിക്കുന്ന പാതകങ്ങളെക്കുറിച്ചു പറയാൻ ഒരു പത്രസമ്മേളനം വിളിച്ചു. രാഷ്ട്രീയം പറയാനായിരുന്നില്ല വിളിച്ചത്. ഒറീസയിൽ സഭ ആക്രമിക്കപ്പെട്ടപ്പോൾ ഇടതു പക്ഷം നടത്തിയ പ്രവർത്തനത്തെക്കുറിച്ചു ചോദിച്ചു. സത്യം പറയണമെന്നുള്ളതുകൊണ്ടും ആരു നന്മ ചെയ്താലും പ്രശംസിക്കണമെന്നതുകൊണ്ടും അവിടെ ഇടതുപക്ഷം ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ചു പറഞ്ഞു. ഒപ്പം ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ചും. എന്നാൽ, പാർട്ടി പത്രത്തിൽ ഞാൻ അവരെ പ്രശംസിച്ചു എന്നായിരുന്നു വാർത്ത. ഒറീസയിൽ സഭ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു. ഇപ്പോഴും ഭയത്തിലാണ് കഴിയുന്നത്. നമ്മുടെ ഇപ്പറയുന്ന എംപിമാരിൽ ആരും നമ്മുടെ പാർലമെന്റിൽ അതു വലിയ വിഷയമാക്കിയില്ല. അരമണിക്കൂർ പോലും ചർച്ച നടന്നില്ല. എന്നാൽ, ബ്രിട്ടനിലെ പ്രഭുസഭയിൽ രണ്ടരമണിക്കൂറാണ് ഒറിസയിലെ പീഡനം ചർച്ച ചെയ്യപ്പെട്ടത്. മത്സ്യത്തൊഴിലാളികളായ എന്റെ ജനത്തിന്റെ ശാക്തികരണത്തിനുവേണ്ടി ഒരു എൻജിനിയറിംഗ് കോളജ് ഞങ്ങളും നടത്തുന്നുണ്ട്. ഇല്ലാത്ത പ്രചാരണങ്ങൾ നടത്തി എന്തെല്ലാം നടപടികളാണ് ഞങ്ങൾക്കെതിരേ എടുക്കുന്നത്. എത്ര കേസുകളാണ് കോടതിയിൽ. ഒരു കേസിൽപ്പോലും സർക്കാർ ജയിച്ചില്ല. ന്യൂനപക്ഷ അവകാശങ്ങൾ കവർന്നെടുക്കാനുള്ള ശ്രമത്തിനെതിരേയാണ് കോടതിയിൽ പോകേണ്ടി വരുന്നത്. ഇതു പീഢനമല്ലേ?- ആർച്ച് ബിഷപ്പ് ചോദിച്ചു. സഭ സ്കൂൾ നടത്തുന്നത് നാടിന്റെ വികസനത്തിനാണ്. ജാതി മതവ്യത്യാസമില്ലാതെ എല്ലാവരെയും പഠിപ്പിച്ചു. നാടു വികസിച്ചു. എന്നാൽ, ഈ സർക്കാരിന്റെ സ്വാശ്രയ നിയമം അടക്കം എല്ലാം ശുശ്രൂഷകളെ തടസപ്പെടുത്താനായിരുന്നു. മെത്രാന്മാരെ നികൃഷ്ട ജീവിയെന്നു വിളിച്ചു. അവരുടെ പ്രസംഗങ്ങളിലെ ഉദ്ധരണികൾ അനവസരത്തിൽ ഉദ്ധരിച്ചു പ്രശ്നം ഉണ്ടാക്കാൻ നോക്കി. മെത്രാന്മാർ പല ഗ്രൂപ്പാണെന്നു പ്രചരിപ്പിച്ചു. എല്ലാം വിശ്വാസികളെ സഭയിൽ നിന്നും ഭിന്നിപ്പിക്കുവാനായിരുന്നു. അച്ചനും മെത്രാനും പൗരസ്വതന്ത്ര്യമില്ലെന്നു കരുതരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

## 04. ക്രൈസ്തവ സമൂഹത്തെ വ്രണപ്പെടുത്തരുത്: മാർ പുന്നക്കോട്ടിൽ (11-3-2009 )

വിദ്യാർഥികൾക്ക് തിരക്കഥ രചന പഠിക്കാൻ നിർദേശിക്കപ്പെട്ടിരിക്കുന്ന വിവാദ സിഡി കൾ വഴി ഒരു സമൂഹത്തെ വ്രണപ്പെടുത്തുന്നുവെന്ന് മാത്രമല്ല, സാംസ്കാരിക കേരളത്തെ അപമാനിക്കുകകൂടി ചെയ്യുകയാണ് വിദ്യാഭ്യാസ വകുപ്പെന്നു കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിൽ. ഇങ്ങനെയുള്ള ഒരു സിഡി പുറത്തുവന്നതിൽ ഖേദം പ്രകടിപ്പിക്കുന്നതിനു പകരം നിരുത്തരവാദിത്വപരമായി പ്രതികരിക്കുന്നത് സാംസ്കാരിക വകുപ്പ് മന്ത്രി കൂടിയായ വിദ്യാഭ്യാസ മന്ത്രിക്ക് ഭൂഷണമല്ലെന്ന് അദേഹം പ്രസ്താവനയിൽ പറഞ്ഞു.കുട്ടികളുടെ വിദ്യാഭ്യാസത്തോടൊപ്പം അവരുടെ ധാർമിക നിലവാരവും സ്വഭാവമഹിമയും ലക്ഷ്യം വയ്ക്കുന്നവരാണ് കേരളത്തിലെ രക്ഷാകർത്താക്കളെന്നും മന്ത്രി മനസിലാക്കണം. അവരോടുള്ള ഒരു വെല്ലുവിളി കൂടിയാണിത്. അതിനാൽ പക്വതയുള്ളൊരു പ്രതികരണം വിദ്യാഭ്യാസ വകുപ്പിൽനിന്നും ഉടൻ ഉണ്ടാകുമെന്നും അദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

## 05. വിവാദ സി.ഡി. വിഷലിപ്തമായ മനോഭാവത്തിന്റെ പ്രതിഫലനം: ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (12-3-2009)

വിഷലിപ്തമായ മനോഭാവത്തിന്റെ പ്രതിഫലനമാണ് വിദ്യാഭ്യാസ വകുപ്പ് പുറത്തുവിട്ട പുതിയ സി.ഡിയെന്ന് ആലപ്പുഴ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ ആരോപിച്ചു. അനാവശ്യതർക്കങ്ങൾ അവസാനിപ്പിച്ച് എത്രയും പെട്ടെന്ന് സി.ഡി പിൻവലിച്ച് ഖേദം രേഖപ്പെടുത്തുകയാണ് ബന്ധപ്പെട്ടവർ ചെയ്യേണ്ടതെന്നും ബിഷപ് അഭിപ്രായപ്പെട്ടു. ആലപ്പുഴ കത്തീഡ്രലിലെ കുരിശടി രണ്ടുതവണ ആക്രമിക്കപ്പെട്ടിട്ടും അതിനുകാരണക്കാരായ സാമൂഹ്യവിരുദ്ധരെ കണ്ടെത്താൻ ഈ ഗവൺമെന്റിനായില്ല എന്നത് തികച്ചും ഖേദകരമാണെന്നും ബിഷപ് കൂട്ടിച്ചേർത്തു.

### 06. തിന്മയുടെ ശക്തികളെ തിരിച്ചറിയുക: ബിഷപ് ഡോ.ചക്കാലയ്ക്കൽ (14-3-2009)

തിന്മയുടെ ശക്തികളെ തിരിച്ചറിയണമെന്ന് കണ്ണൂർ ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ. കേരളാ റീജിയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ ക്ലർജി ആൻഡ് റിലീജിയസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബസായേൽ എന്ന പേരിൽ കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച വൈദീക-സന്യസ്ത യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ന് സഭയ്ക്കാവശ്യം ഇമ്മാനുവേൽ നേതൃത്വമാണ്. വൈദികരും സന്യസ്തരും ഒരു കൈ ദൈവത്തിന്റേയും മറു കൈ മനുഷ്യരുടേയും തോളിൽ സമർപ്പിച്ചു മുന്നേറുന്നവരാണ്. ദൈവ- മനുഷ്യ ശുശ്രൂഷയ്ക്ക് സ്വയം സമർപ്പിച്ച് സമൂഹ മധ്യത്തിൽ ദൈവത്തിന്റെ സമാഗമ കൂടാരം പണിയുന്നവരാണ് വൈദിക-സന്യസ്ത സമൂഹം. ജനങ്ങളുടെ പ്രശ്നങ്ങളിൽ പങ്കു ചേരുകയും ധീരമായ നേതൃത്വത്തോടെ വെല്ലുവിളിക്കുന്ന ജീവിത സാക്ഷ്യം നൽകുന്നവരും പങ്കാളിത്തത്തോടെയുള്ള പ്രേഷിത പ്രവർത്തനം നടത്തുകയും ചെയ്യുക എന്നതാണ് ഇന്നത്തെ സഭാ നേതൃത്വ ശുശ്രൂഷയുടെ സ്വഭാവമായി മാറേണ്ടത്-ബിഷപ് പറഞ്ഞു.